# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 544 - 07.01.2014-ലെ മറുപടിക്ക്**

## കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുമായിരുന്ന ഫണ്ടുകളുടെ വിനിയോഗം

**ചോദ്യം**

**ഡോ. ടി. എം. തോമസ് ഐസക്**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുമായിരുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ മാനദണ്ഡം പാലിക്കാത്തതിനാലും, സമയത്തു ചെലവഴിക്കാത്തതിനാലും നഷ്ടമായ തുക എത്രയാണ്; ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം നഷ്ടമായി; | കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച്, കേന്ദ്രം നൽകുന്ന തുക കഴിവതും അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക അതേ വർഷം തന്നെ ചെലവഴിക്കുവാൻ കഴിയുന്നില്ലയെങ്കിൽ, കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. പതിമൂന്നാം ധനകാര്യ കമ്മിഷൻ 2010-13 കാലയളവിൽ വിവിധ സ്കീമുകൾക്കായി ആകെ 3097.86 കോടി രൂപയുടെ ഗ്രാന്റ് സംസ്ഥാനത്തിന് ശുപാർശ ചെയ്തിരുന്നു. അതിൽ 2463.08 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും 2012-13 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തിന് ലഭിച്ചത്. പ്രസ്തുത ഗ്രാന്റിന്റെ ഇനം തിരിച്ചുള്ള വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കാലയളവിൽ കേന്ദ്രം അനുവദിക്കുമായിരുന്ന മുഴുവൻ തുകയും നേടിയെടുക്കാൻ കഴിയാത്ത ഫണ്ട് ഏതൊക്കെ; ഏതെല്ലാം വകുപ്പു | സംസ്ഥാനം വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാത്തതിനാൽ 13-ാം ധനകാര്യ കമ്മീഷൻ വാട്ടർ സെക്ടർ മാനേജ്മെന്റിനായി 2012-13 സാമ്പത്തിക |

| | |
|---|---|
| കൾക്കാണ് നൂറുശതമാനവും ചെലവഴി ക്കാനും നേടിയെടുക്കാനും സാദ്ധ്യ മാകാഞ്ഞത്; വിശദാംശങ്ങൾ വെളിപ്പെ ടുത്തുമോ? | വർഷം ശുപാർശ ചെയ്ത 44 കോടി രൂപ ലഭിച്ചില്ല. വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ നിയമസഭ യുടെ പരിഗണനയിലാണ്. സംസ്ഥാനം 2010-11-ലെ പദ്ധതിയേതര റവന്യൂ ചെലവ് ലക്ഷ്യം നേടാത്തതിനാൽ റോഡു കളുടെയും പാലങ്ങളുടേയും അറ്റകുറ്റ പണികൾക്കായി 2012-13 വർഷം കമ്മീഷൻ ശുപാർശ ചെയ്തിരുന്ന 232 കോടി രൂപ ലഭിച്ചില്ല. മറ്റ് സ്കീമുകളുടെ ഗ്രാന്റ് മുൻ വർഷം ലഭിച്ച തുകയുടെ വിനിയോഗത്തിന്റെ അടിസ്ഥാന ത്തിലാണ് ലഭിക്കുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വിനിയോഗ പരിധി എത്തിചേരുന്ന മുറയ്ക്ക് പ്രസ്തുത സ്കീമുകൾക്കുള്ള ഗ്രാന്റ് ലഭിക്കു ന്നതാണ്. അതുകൊണ്ട് ആ സ്കീമുകളുടെ ഫണ്ട് നഷ്ടമായെന്ന് പറയുവാൻ കഴിയില്ല. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ കേന്ദ്രഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**